പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.1301

03/12/2018-ൽ
മറുപടിയ്ക്ക്

<u>നിലമ്പൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതികൾ</u>

**ചോദ്യം**
ശ്രീ.പി.വി. അൻവർ

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നിലമ്പൂർ മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ പോകുന്നതുമായ പദ്ധതികളും വകയിരുത്തിയ തുകയും തരംതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച സ്കൂൾ കെട്ടിട നവീകരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(സി) നിലമ്പൂർ നിയോജക മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഏതൊക്കെ വിദ്യാലയങ്ങളുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് എന്ത്

**മറുപടി**
പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) & (ബി) നിലമ്പൂർ മണ്ഡലത്തിൽ ഗവൺമെന്റ് മാനവേദൻ എച്ച്.എസ്.എസിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന് കിഫ്ബി 5 കോടി രൂപയുടെ ധനസഹായം അനുവദിക്കുകയും നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന സ്കൂളുകളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്കൂളുകളുടെ പേര് | തുക |
|---|---|---|
| 1 | ജി.എച്ച്.എസ്.എസ്. പൂക്കോട്ടുംപാടം | 2.99 കോടി രൂപ |
| 2 | ജി.എച്ച്.എസ്.എസ്. ഇടക്കര | 2.73 കോടി രൂപ |
| 3 | ജി.എച്ച്.എസ്.എസ്. മൂത്തേടത്ത് | 3 കോടി രൂപ |
| 4 | ജി.എച്ച്.എസ്.എസ്. പുല്ലങ്ങോട് | 3 കോടി രൂപ |

ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഗവൺമെന്റ് യു.പി.എസ് പള്ളിക്കുത്ത് മലപ്പുറം എന്ന സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്.

മറ്റ് വിദ്യാലയങ്ങളുടെ അപേക്ഷകൾ ലഭ്യമായതായി കാണുന്നില്ല.

| | | | |
|---|---|---|---|
| | നടപടിയാണ്സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | | |
| (ഡി) | 75 വർഷം പിന്നിട്ട സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകൾ, 150 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സ്കൂളുകൾ, ഹരിത വിദ്യാലയമായി തെരഞ്ഞെടുത്തവ, 500നും 1000നുമിടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ എന്നിവയാണ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 2018 -19 ബജറ്റിൽ തീരുമാനിച്ചിട്ടുള്ളത്. |

Namitha.P
**സെക്ഷൻ ഓഫീസർ**